**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3654** **14-07-2022 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ശബരി റെയിൽ പാതയ്ക്ക് വേണ്ടി ആകെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി എത്രയെന്നും നാളിതുവരെ ഏറ്റെടുത്ത ഭൂമി എത്രയെന്നും വിശദമാക്കാമോ; | (എ) | 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് അങ്കമാലി - ശബരി റെയിൽ പദ്ധതി. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ആവശ്യമായിട്ടുള്ളത്. ദക്ഷിണ റെയിൽവേ 2022-23 പിങ്ക് ബുക്ക് പ്രകാരം ശബരി റെയിൽ പദ്ധതിക്ക് കേന്ദ്ര ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അങ്കമാലി - ശബരി പദ്ധതി റെയിൽവേ താൽക്കാലികമായി മരവിപ്പിച്ചിട്ടുള്ളതാണ്.<br><br>അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കിഫ്ബി മുഖേന കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് സ.ഉ(കൈ) നം. 1/2021/ ഗതാ തീയതി 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും, പ്രസ്തുത തീരുമാനം കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി തുടർന്ന് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുകയുണ്ടായി. അനുകൂലമായ നിലപാട് എത്രയും പെട്ടെന്ന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന ഡി.പി.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ പ്രകാരമുള്ള എസ്റ്റിമേറ്റ് തുക 3454.09 കോടി രൂപ എന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതല ആർക്കാണെന്നും പദ്ധതി നടപ്പിലാക്കുന്നതിന് | (സി) | ശബരി പാതയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിനായി കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) നെ |

| | | | |
|---|---|---|---|
| | നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | | ചുമതലപ്പെടുത്തുകയും അതനുസരിച്ച് പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് 21.03.2022 ൽ കെ.ആർ.ഡി.സി.എൽ റെയിൽവേയുടെ തുടർ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റിന്റെ തുടർ പരിശോധന റെയിൽവേയിൽ പുരോഗമിക്കുന്നു. പദ്ധതി നിർഘനീഭവിപ്പിക്കുന്നതിനും പ്രസ്തുത പ്രവൃത്തി കെ.ആർ.ഡി.സി.എൽ നെ ഏൽപ്പിക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ